എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കുന്നവർ

977 [1174] ശ്രീ. എം. കെ. കേശവൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, പി. കുമാരൻ:
,, കാനം രാജേന്ദ്രൻ:
,, കെ. ടി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻസൈക്ലോപീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിൽ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ ഡെപ്യൂട്ടേഷനിൽ എത്ര പേർ ജോലി നോക്കി വരുന്നു;

(ബി) ഏതെല്ലാം തസ്തികകളിലാണ ഇവർ ഡെപ്യൂട്ടേഷനിൽ ജോലി നോക്കി വരുന്നത്;

(സി) ഇതിനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) പതിനഞ്ചുപേർ.

(ബി) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ, മാനേജർ, സ്റ്റോറർ കീപ്പർ, ലോവർ ഡിവിഷൻ ക്ലാർക്ക്, ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലാണ് ജോലി നോക്കുന്നത്.

(സി) ഉണ്ട്.

(ഡി) പരിചയ സമ്പന്നരായ ജീവനക്കാർ സ്ഥാപനത്തിൽ ഉണ്ടാകുന്നതനുസരിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലുള്ള നിയമനം ക്രമേണ കുറച്ചുകൊണ്ടുവരുന്നുണ്ട്.

എ. ഇ. ഒ. തസ്തിക ഗസറ്റഡ് ആക്കിയപ്പോൾ തിരിച്ചു പോകേണ്ടി വന്ന എ. ഇ. ഒ. മാർ

978 [1175] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ൽ എ.ഇ.ഒ. തസ്തിക ഗസറ്റഡ് ആക്കിയപ്പോൾ ഹൈസ്കൂളിലേക്ക് തിരിച്ചു പോകേണ്ടവരായി എത്ര എ. ഇ. ഒ. മാർ ഉണ്ടായിരുന്നു;

(ബി) ഇവരെ എ.ഇ.ഒ. മാരായി 1980-മുതൽ തന്നെ നിയമിക്കണമെന്നും അന്നു മുതൽ ശമ്പളം നൽകണമെന്നും സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മൊത്തം എത്ര തുക കൊടുക്കേണ്ടതായി വന്നു;

(സി) ഇവർക്ക് വേണ്ടത്ര ജോലി ഇല്ല എന്നറിയുന്നത് ശരിയാണോ;

(ഡി) ശരിയാണെങ്കിൽ ഇവർക്ക് വേണ്ടത്ര ജോലി വിജ്ഞാപനം ചെയ്തു കൊടുക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 140

(ബി) ഏതാണ്ട് 1,54,000 രൂപ 1986 ഏപ്രിൽ മാസം വരെ ചെലവായിട്ടുണ്ട്.

(സി) ശരിയല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രീഡിഗ്രി വിദ്യാഭ്യാസത്തിനായി വേണ്ടിവരുന്ന അധികസംഖ്യ

979 [1176] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കുമ്പോൾ ഒരു വർഷം വരുന്ന അധികചെലവ് എത്രയായിരിക്കും എന്നാണ് കണക്കാക്കുന്നത്?

ഉത്തരം

അധികചെലവ് എത്രയെന്ന് കണക്കാക്കിയിട്ടില്ല.

അട്ടപ്പാടിയിൽ അംഗനവാടികൾ

980 [1177] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അട്ടപ്പാടിയിലെ 138 ഊരിലും ഓരോ അംഗനവാടി തുടങ്ങാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

അംഗനവാടി ജീവനക്കാരുടെ ശമ്പള വർദ്ധനവ്

981 [1178] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗനവാടി ജീവനക്കാരിൽ കേന്ദ്ര പ്രോജക്ടിലുള്ളവർക്ക് 1985 ഏപ്രിൽ മുതൽ നൽകിയ ശമ്പള വർദ്ധനവ് സ്റ്റേറ്റ് പ്രോജക്ടിലെ ജീവനക്കാർക്ക് ഒമ്പത് മാസങ്ങൾക്ക് ശേഷമാണ് നൽകിയതെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒൻപതു മാസത്തെ കുടിശ്ശിക സ്റ്റേറ്റ് പ്രോജക്ടിലുള്ളവർക്കും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അംഗനവാടി ജീവനക്കാരിൽ കേന്ദ്രമേഖല പ്രോജക്ടിലുള്ളവർക്ക് 1-1-1985 മുതലും, സംസ്ഥാന മേഖല പ്രോജക്ടിലുള്ളവർക്ക് 1-10-1985 മുതലുമാണ് ഓണറേറിയം വർദ്ധിപ്പിച്ചിട്ടുള്ളത്.

(ബി) ഈ ആവശ്യം അംഗീകരിക്കുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly